പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 58 — 26.09.2016 ൽ മറുപടിക്ക്

## സ്വതന്ത്ര സോഫ്റ്റ് വെയറുകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എം. ഉമ്മർ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ മാത്രമേ അനുവദിക്കാൻ പാടുള്ളൂ എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) വിൻഡോസ് XP സോഫ്റ്റ് വെയറിന്റെ പിന്തുണയുടെ (സപ്പോർട്ട്) കാലാവധി തീർന്ന സമയത്ത് സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സ്വതന്ത്ര സോഫ്റ്റ് വെയറിലേക്കു മാറാൻ നിഷ്കർഷിച്ചുകൊണ്ട് സർക്കാർ 17.05.2014-ലെ സ.ഉ. (സാധാ.) നം. 109/2014/ഐറ്റിഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒഴിവാക്കാൻ പറ്റാത്ത സാഹചര്യങ്ങളിൽ വിൻഡോസിന്റെ തന്നെ പുതിയ പതിപ്പുകളിലേക്കു മാറാവുന്നതാണെന്നും ഇതേ ഉത്തരവിൽ പറയുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.<br><br>ഇത് സംബന്ധിച്ച് 21.07.2016-ലെ ഐടി സെൽ-2/701/2015/ഐറ്റിഡി നമ്പർ സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധം-II ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത ഉത്തരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) വാണിജ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോൾ വരുന്ന അധിക ചിലവും, നിയന്ത്രിത കാലാവധി വരെ മാത്രം ലഭ്യമാവുന്ന പിന്തുണയും കണക്കിലെടുത്താണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. നിയമപരമല്ലാതെ പകർപ്പവകാശം ലംഘിച്ച് ഉപയോഗിക്കുന്ന കൃത്രിമ സോഫ്റ്റ് വെയറുകൾ സർക്കാരിന്റെ വിവിധ വിവര സാങ്കേതിക ആസ്തികളെ സുരക്ഷാ ഭീഷണിയിലേക്ക് തള്ളി വിടുന്നുണ്ട്. മാത്രവുമല്ല നിയമാനുസൃതമായ അപ്ഡേറ്റുകൾ വ്യാജ സോഫ്റ്റ് വെയറുകൾക്ക് ലഭ്യമാകുന്നുമില്ല. തന്മൂലം സോഫ്റ്റ് വെയറുകളിലെ പാളിച്ചകൾ കണ്ടെത്തി ഉപയോക്താക്കളുടെ അറിവില്ലാതെ തന്നെ സർക്കാർ/ |

വ്യക്തിഗത വിവരങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയ പ്രധാന വിവരങ്ങൾ സൈബർ അക്രമികൾ ചൂഷണം ചെയ്യുന്നു. ആയതിനാൽ സർക്കാർ ഓഫീസുകൾ/ യൂണിവേഴ്സിറ്റികൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവര സാങ്കേതിക ആസ്തി ഉപയോഗം സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടു കൂടിയുമാണ് മുകളിൽ പറഞ്ഞിട്ടുള്ള ഉത്തരവ്/ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. ഭാരത സർക്കാർ മാർച്ച് 2015-ൽ പുറത്തിറക്കിയ സ്വതന്ത്ര സോഫ്റ്റ് വെയർ നയം പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗത്തിനുള്ള സാധ്യതകൾ നിർബന്ധമായും ഉപയോഗപ്പെടുത്തേണ്ടതാണ്.

സി) ഇത്തരത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ മാത്രം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

സി) സ്വതന്ത്ര സോഫ്റ്റ് വെയറുകൾ മാത്രം ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. പക്ഷെ ലിനക്സ് സ്വതന്ത്ര സോഫ്റ്റ് വെയറും വിൻഡോസ് വാണിജ്യ സോഫ്റ്റ് വെയറും തമ്മിലുള്ള താരതമ്യ പഠനം സംസ്ഥാന ഐടി മിഷനിലെ 'സെർട്-കെ' വിഭാഗം നടത്തിയിട്ടുണ്ട്. ഈ പഠനത്തിൽ വാണിജ്യ സോഫ്റ്റ് വെയർ ഉപയോഗിച്ച് ശീലിച്ചവർക്ക് സ്വതന്ത്ര സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിൻഡോസ് അധിഷ്ഠിതമായ സോഫ്റ്റ് വെയറുകളെ അപേക്ഷിച്ച് സ്വതന്ത്ര സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകൾ/ യൂട്ടിലിറ്റീസ് അത്ര സുലഭമല്ല എന്നു കൂടി ഈ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ഡി) ഇത് സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഡി) ഇത് സർക്കാർ സംവിധാനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നതായുള്ള റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ

4586
22/5/14

ഭാഗം - I

GOVERNMENT OF KERALA

Abstract

Information Technology Department – Windows XP End of Support-Migration to Free and Open Source Software - Instructions - Orders issued.

INFORMATION TECHNOLOGY (B) DEPARTMENT

G.O.(Rt)No. 109/2014/ITD. Dated, Thiruvananthapuram,17-05-2014.

**ORDER**

Read: 1. D.O.No. 2(44) /2013-CERT- In dated 25.06.2013 from the Director General, Indian Computer Emergency Response Team (CERT-In), Government of India.

2. Minutes of the Apex Committee / Empowered Committee held on 26.12.2013.

As per the letter read as 1st paper above, the Director General, CERT-In have informed that the Microsoft Corporation have announced end of support for Windows XP Operating system with effect from 08.04.2014. The matter was taken up in the Apex / Empowered Committee meeting held on 26.12.2013 and the committee recommended all Departments / Institutions / PSUs etc. using Windows XP to migrate to free and open source software or those institutions who find Windows operating system inevitable shall upgrade to the latest version of Windows operating system.

2. Government have examined the matter in detail and are pleased to order that all Kerala Government Departments / Institutions / PSUs etc using windows XP operating system shall take action to migrate to free and open source operating system before 30.06.2014.On account of unavoidable circumstances those Departments / Institutions / PSUs etc who find the use of Windows XP as inevitable shall upgrade to the latest version of Windows Operating system within the stipulated time period. It is reiterated that all concerned are directed to migrate to Free and Open Source Software forthwith.

By Order of the Governor
**Subhash John Mathew**
Additional Secretary to Government

To

All Secretaries / Principal Secretaries / Additional Chief Secretaries
All Heads of Departments/All District Collectors.
The Principal Accountant General (Audit / A&E), Kerala, Thiruvananthapuram.
The Director, Kerala State IT Mission, Thiruvananthapuram.
The Head, SeMT, Thiruvananthapuram.
Web & new Media, I&PRD: for uploading in the website.
Stock File/ Office Copy.

Forwarded by Order

Section Officer

Manoharan
മനോഹരൻ ടി.ഡി.

11200
27/7/16

അനുബന്ധം - II

കേരള സർക്കാർ

**വിവര സാങ്കേതിക വിദ്യ (ഐ.ടി.സെൽ) വകുപ്പ്**

നം. ഐ.ടി. സെൽ-2/701/2015/ഐ.ടി.ഡി തിരുവനന്തപുരം, തീയതി : 21.07.2016.

**സർക്കുലർ**

വിഷയം :- വിവര സാങ്കേതിക വകുപ്പ് - സർക്കാർ ഓഫീസുകളിൽ അനുമതി ഇല്ലാതെ പകർപ്പവകാശമില്ലാത്ത സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന : 17.05.2014 ലെ സ.ഉ.(സാധാ.) നം. 109/2014/വി.സാ.വ. ഉത്തരവ്.

........................................

ഭാരത സർക്കാർ മാർച്ച് 2015-ൽ പുറത്തിറക്കിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ നയം പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗത്തിനുള്ള സാധ്യതകൾ നിർബന്ധമായും ഉപയോഗപ്പെടുത്തേണ്ടതാണ്. സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ഉപയോഗം വഴി സാമ്പത്തികവും തന്ത്രപ്രധാനവുമായ ആനുകൂല്യങ്ങൾ നേടുവാനും കഴിയും. എന്നിരുന്നാലും നിയമപരമല്ലാതെ പകർപ്പവകാശം ലംഘിച്ച് ഉപയോഗിക്കുന്ന വാണിജ്യ സോഫ്റ്റ്‌വെയറുകളുടെ അമിതമായ ഉപയോഗം കണ്ടുവരുന്നു. ഈ കൃത്രിമ സോഫ്റ്റ്‌വെയറുകൾ പലപ്പോഴും വ്യാജ വെബ്സൈറ്റുകൾ അല്ലെങ്കിൽ ക്ലാസിഫൈഡ് പരസ്യങ്ങൾ വഴിയാണു ഉപയോക്താക്കളുടെ കൈകളിൽ എത്തുന്നത്.

സർക്കാർ ഓഫീസുകളിലെ വ്യാജ സോഫ്റ്റ് വെയറുകളുടെ ഉപയോഗം നിയമലംഘനം മാത്രമല്ല, സർക്കാരിന്റെ വിവിധ വിവരസാങ്കേതിക ആസ്തികളെ സുരക്ഷാഭീഷണിയിലേക്ക് തള്ളിവിടുകയുമാണ് ചെയ്യുന്നത്. മാത്രവുമല്ല, നിയമാനുസൃതമായ അപ്ഡേറ്റുകൾ വ്യാജ സോഫ്റ്റ്‌വെയറുകൾക്ക് ലഭ്യമാകുന്നില്ല. തന്മൂലം സോഫ്റ്റ്‌വെയറിലെ പാളിച്ചകൾ കണ്ടെത്തി ഉപയോക്താക്കളുടെ അറിവില്ലാതെതന്നെ സർക്കാർ / വ്യക്തിഗത വിവരങ്ങൾ, റിപ്പോർട്ടുകൾ തുടങ്ങിയ പ്രധാന വിവരങ്ങൾ സൈബർ അക്രമികൾ ചൂഷണം ചെയ്യുന്നു. ആയതിനാൽ സർക്കാർ ഓഫീസുകൾ / യൂണിവേഴ്സിറ്റികൾ / സ്വയംഭരണ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവരസാങ്കേതിക ആസ്തി ഉപയോഗം സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്:

1. സർക്കാർ ഓഫീസുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. ഏതെങ്കിലും സാഹചര്യത്തിൽ ലൈസൻസ് ഉള്ള സോഫ്റ്റ് വെയർ ആവശ്യമായി വരികയാണെങ്കിൽ ആയത് ടെണ്ടർ മുഖാന്തിരം മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഇതിന് ഉചിത തലത്തിൽ നിന്നുള്ള അനുമതി വാങ്ങിയിരിക്കണം.
2. സോഫ്റ്റ് വെയറുകൾക്ക് പകർപ്പവകാശ നിയമത്തിന്റെ പരിരക്ഷയുള്ളതിനാൽ അനുമതിയില്ലാതെ അവ വിതരണം ചെയ്യാനോ പുനർനിർമ്മിച്ച് ഉപയോഗിക്കാനോ പാടില്ല
3. സോഫ്റ്റ്‌വെയറുകൾ ലൈസൻസ് നിബന്ധനകൾ അനുസരിച്ച് മാത്രമേ ഉപയോഗിക്കാവൂ
4. ശരിയായ ലൈസൻസില്ലാത്തതോ, നിയമവിരുദ്ധമായി വിതരണം ചെയ്യുന്നതോ, അനധികൃതമായി പുനഃസൃഷ്ടിക്കുന്നതോ ആയ സോഫ്റ്റ് വെയറുകൾ സുരക്ഷാഭീഷണിയുണ്ടാക്കുന്നതാകയാൽ ആയതിന്റെ ഉപയോഗം കർശനമായി

നിരോധിച്ചിരിക്കുന്നു.

5. ഏതെങ്കിലും തരത്തിലുള്ള ഡിസ്ക് മീഡിയ, ഇമെയിൽ അറ്റാച്ച്മെന്റ്, മറ്റ് ഇന്റർനെറ്റ് ഉറവിടങ്ങൾ വഴിയുള്ള സോഫ്റ്റ് വെയറുകൾ ഉപയോഗിക്കാൻ പാടില്ല.
6. ഓഫീസുകളിൽ ഉചിതമായ ലൈസൻസ് സോഫ്റ്റ് വെയർ ആണ് ഉപയോഗിക്കുന്നത് എന്നു ചീഫ് ഇൻഫർമേഷൻ ഓഫീസർ (അതിനു നിർദേശിക്കപ്പെട്ട ഉദ്യോഗസ്ഥൻ) പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതാണ്.

**എം. ശിവശങ്കർ ഐ. എ. എസ്,**
സെക്രട്ടറി

പകർപ്പ് : സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സർക്കാർ വകുപ്പുകൾ / യൂണിവേഴ്സിറ്റികൾ / സ്വയംഭരണ സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മേധാവികൾക്ക്.
വെബ് & ന്യൂ മീഡിയ, വിവര പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ